**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1599** — **05-07-2022 - ൽ മറുപടിയ്ക്ക്**

**തരിശു രഹിതമാക്കലും നെൽകൃഷി വ്യാപനവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | മാവേലിക്കര മണ്ഡലത്തെ തരിശു രഹിതമാക്കുന്നതിനും നെൽകൃഷി വ്യാപിപ്പിക്കുന്നതിനും ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (എ) | മാവേലിക്കര മണ്ഡലത്തെ തരിശു രഹിതമാക്കുന്നതിനും നെൽകൃഷി വ്യാപിപ്പിക്കുന്നതിനും ഈ സർക്കാർ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.<br><br>2021-22 സാമ്പത്തിക വർഷത്തിൽ സംസ്ഥാനാവിഷ്കൃത പദ്ധതിയായ നെൽകൃഷി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി **141.49451 ലക്ഷം** രൂപയുടെ ആനുകൂല്യം മാവേലിക്കര മണ്ഡലത്തിൽ ഉൾപ്പെടുന്ന മാവേലിക്കര, ചാരുമൂട് ബ്ലോക്കുകളിലെ കർഷകർക്ക് വിതരണം ചെയ്തു. ആയതിന്റെ വിശദാംശങ്ങൾ **അനുബന്ധം** ആയി ചേർക്കുന്നു.<br><br>മണ്ണിന്റെയും വേരിന്റേയും ആരോഗ്യ പരിപാലന പദ്ധതി (Soil and Root health Management Scheme) - ൽ ഉൾപ്പെടുത്തി കുമ്മായം, സൂക്ഷ്മാണുവളം എന്നിവയ്ക്കായി 24.89888 ലക്ഷം രൂപയുടെ ആനുകൂല്യം മാവേലിക്കര, ചാരുമൂട് ബ്ലോക്കുകളിലെ കർഷകർക്ക് നൽകിയിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയായ രാഷ്ട്രീയ കൃഷി വികാസ് യോജനയിലെ തരിശ് കൃഷി (Fallow land Cultivation) യിൽ ഉൾപ്പെടുത്തി 17.06 ഹെക്ടർ കിഴങ്ങുവർഗവിള കൃഷി, 58.47 ഹെക്ടർ നെൽകൃഷി, 12.976 ഹെക്ടർ പച്ചക്കറി കൃഷി, 9.448 ഹെക്ടർ വാഴക്കൃഷി, 2.00 ഹെക്ടർ പയർവർഗ്ഗവിളക്കൃഷി എന്നിവയ്ക്കായി 31.27513 ലക്ഷം രൂപയുടെ ആനുകൂല്യം കർഷകർക്ക് വിതരണം ചെയ്തു. അതേ പദ്ധതിയിലെ നെല്ലിന്റെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കൽ (Productivity Improvement of Paddy) എന്ന ഘടകത്തിൽ ഉൾപ്പെടുത്തി നെൽകൃഷിയുടെ ഉല്പാദനോപാധികൾക്കുള്ള ആനുകൂല്യമായി ഹെക്ടറിന് 4500 രൂപ പ്രകാരം |

| | | | |
|---|---|---|---|
| | | | 103.54379 ലക്ഷം രൂപ ആനുകൂല്യമായി നൽകിയിട്ടുണ്ട്.<br><br>2021-22 പച്ചക്കറി വികസന പദ്ധതിയിലെ സുഭിക്ഷകേരളം-തരിശ് കൃഷിയിൽ ഉൾപ്പെടുത്തി 7.474 ഹെക്ടറിൽ പച്ചക്കറി കൃഷിക്കായി 2.9896 ലക്ഷം രൂപയുടെ അനുകൂല്യം കർഷകർക്ക് നൽകി. ഇവയ്ക്ക് പുറമെ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ പദ്ധതികളിൽ ഉൾപ്പെടുത്തിയും നെൽകൃഷിക്കുള്ള വിത്ത്, ഉല്പാദനോപാധികൾ, ഉഴവുകൂലി എന്നിവയ്ക്കും തരിശ് നെൽകൃഷിക്കും ആനുകൂല്യം കർഷകർക്ക് നൽകിയിട്ടുണ്ട്. ത്രിതല പഞ്ചായത്തുകളിൽ നിന്നും 1324.37 ഹെക്ടർ നെൽകൃഷിക്കും, 10 ഹെക്ടർ തരിശ് നെൽകൃഷിക്കുമായി 143.29288 ലക്ഷം രൂപയുടെ ആനുകൂല്യം മാവേലിക്കര, ചാരുമൂട് ബ്ലോക്കുകളിലെ കർഷകർക്ക് ലഭ്യമാക്കി. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**മാവേലിക്കര മണ്ഡലത്തെ തരിശു രഹിതമാക്കുന്നതിനും നെൽകൃഷി വ്യാപിപ്പിക്കുന്നതിനുമായി മാവേലിക്കര, ചാരുമൂട് ബ്ലോക്കുകളിലെ കർഷകർക്ക് വിതരണം ചെയ്ത ആനുകൂല്യത്തിന്റെ വിശദാംശങ്ങൾ**

| ക്രമ നം. | പദ്ധതി ഘടകം | വിസ്തൃതി (ഹെക്ടർ) | ധനസഹായം നൽകിയത് (ലക്ഷം രൂപ) |
|---|---|---|---|
| 1 | സുസ്ഥിര നെൽ കൃഷി വികസനം | 1826.08 | 100.43419 |
| 2 | പാടശേഖരങ്ങൾക്ക് ഓപ്പറേഷണൽ സപ്പോർട്ട് | 1533.20 | 5.51952 |
| 3 | തരിശ് നിലകൃഷി | 86.834 | 34.73360 |
| 4 | കരനെൽകൃഷി | 5.20 | 0.70720 |
| 5 | പ്രത്യേക നെല്ലിനങ്ങളുടെ കൃഷി | 1.00 | 0.10000 |
| | **ആകെ** | | **141.49451** |